**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1280** **14-03-2022 - ൽ മറുപടിയ്ക്ക്**

**അരുവിപ്പുറം പിൽഗ്രിം ടൂറിസം വികസന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വാമനപുരം നിയോജക മണ്ഡലത്തിൽ കല്ലറ ഗ്രാമപഞ്ചായത്തിലെ അരുവിപ്പുറം പിൽഗ്രിം ടൂറിസം വികസന പദ്ധതി സംബന്ധിച്ച് നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | " അരുവിപ്പുറം വികസന പദ്ധതി " യുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചപ്പോൾ ഡി.പി.ആർ. അനുസരിച്ചുള്ള ചില ഘടകങ്ങൾ പദ്ധതിപ്രദേശത്ത് നടപ്പിലാക്കുവാൻ ബുദ്ധിമുട്ട് ഉള്ളതിനാൽ , പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റ് നിർവ്വഹണ ഏജൻസി തയ്യാറാക്കിവരികയാണ്. |
| (ബി) | പ്രസ്തുത പദ്ധതി അനുവദിച്ചു സംബന്ധിച്ച് ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് നൽകാമോ; | (ബി) | ടി പദ്ധതിക്ക് ഭരണാനുമതി നൽകിയ 19.02.2020ലെ സ.ഉ.(സാധാ)നം.94/2020/ടൂറിസം നം. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയും എന്നറിയിക്കാമോ? | (സി) | പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റ് വിനോദസഞ്ചാര ഡയറക്ടർ സമർപ്പിക്കുന്ന മുറയ്ക്ക് ആയത് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ്- തിരുവനന്തപുരം ജില്ലയിലെ " അരുവിപ്പുറം വികസന പദ്ധതി" ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വിനോദസഞ്ചാര(എ) വകുപ്പ്**

സ.ഉ.(സാധാ) നം 94./2020/ടൂറിസം　　　　തീയതി, തിരുവനന്തപുരം, 19/02/2020

പരാമർശം :- 1 ).സ.ഉ(പി)നം 408/07/ധന തീയതി 07/09/2007
2.)സ.ഉ(പി)നം311/14/ധന തീയതി 30/07/2014
3).സ.ഉ(പി)നം 11/15/ധന തീയതി 08/01/2015
4) സ.ഉ(പി ) നം.118/2018/ധന തീയതി 3 .8 .2018
5) സ.ഉ(പി.) നം.88 /2018/ധന തീയതി 11 .6 .2018
6) സ.ഉ(കൈ) 3/19/ടൂറിസം തീയതി 30/05/2019
7) വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 30/07/2019 ലെ പി 6- 15161/2018 നമ്പർ കത്ത്
8) 21.01.2020 ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗം

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ അരുവിപ്പുറത്തിലൂടെ വാമനപുരം പുഴയുടെ നല്ലൊരു ഭാഗം ഒഴുകുന്നുണ്ടെന്നു ബോട്ടിംഗ് ഉൾപ്പെടെ ടി പ്രദേശത്തിന്റെ ടൂറിസം സാധ്യത കണക്കിലെടുത്ത് അരുവിപ്പുറം പ്രദേശത്തിന്റെ വികസനത്തിനായി 1,44,00,000/- ( ഒരു കോടി നാൽപത്തിനാലു ലക്ഷം ) രൂപയുടെ പദ്ധതി നിർദ്ദേശം പരാശർശം(1) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്. പദ്ധതിയുടെ ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

| Sl.No. | Description |
|---|---|
| 1 | Pathway By Granite crazy pattern |
| 2 | Retaining Wall |
| 3 | Padithurai (Steps leading to the water) |
| 4 | View Point (2 Nos) |
| 5 | Rain Shelter |
| 6 | Pavilion |
| 7 | Raised Plaza |
| 8 | Seating (7 Nos) |
| 9 | Tree Pit |
| 10 | Planter box |

| | |
|---|---|
| 11 | Boat Jetty |
| 12 | Toilet Block |
| 13 | Stone Bollards (4 Nos) |
| 14 | Soft landscaping |
| 15 | Electrical Work |
| 16 | Irrigation Network |

21.01.2020 ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗം ഇക്കാര്യം ചർച്ച ചെയ്യുകയും അംഗീകാരം നൽകുകയും ചെയ്തു.

സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ അരുവിപ്പുറം ടൂറിസം പദ്ധതിയുടെ വികസനത്തിനായി 144,00,000/- ( ഒരു കോടി നാൽപത്തിനാല് ലക്ഷം ) രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പദ്ധതി നടത്തിപ്പ് ചെലവ് " 5452-01-101-99 Upgradation, Creation of Infrastructure and Amenities (Plan) " എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്. പദ്ധതിയുടെ നിർവ്വഹണച്ചുമതല ടൂറിസം വകുപ്പിനാണ്. പരാമർശ ഉത്തരവുകളിലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതും പദ്ധതി 12 മാസം കൊണ്ട് പൂർത്തീകരിക്കേണ്ടതുമാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം,

പത്മകുമാർ.റ്റി.വി
അണ്ടർ സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(A&E) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(Audit) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ആസൂത്രണവും സാമ്പത്തിക കാര്യവും വകുപ്പ്
വിവരപൊതുജന സമ്പർക്ക വകുപ്പ്(വെബ് ആൻറ് ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

ശരിപകർപ്പ്

സെക്ഷൻ ഓഫീസർ